ഉത്തരം

(എ) നിരവധി കത്തുകൾ അയച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി 240 മെഗാവാട്ട് ആണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് അന്തിമമായി അനുമതി നിഷേധിച്ചിട്ടില്ല.

വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) നിയമനം

54 [2009] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ 12-12-1995-ലെ ഉത്തരവിൻ പ്രകാരം വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ബി) കോടതിയുടെ ഇടക്കാല വിധിപ്രകാരം ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ എത്രപേരെ 20-2-1996 വരെയുള്ള കാലയളവിൽ നിയമിച്ചു; നിയമനം ലഭിക്കാത്തവരെ എത്ര ദിവസത്തിനുള്ളിൽ നിയമിക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) ഡിപ്പാർട്ടുമെന്റൽ നിയമനം, പ്രമോഷൻ എന്നീ രീതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്രപേരെ 15-12-1995-ന് ശേഷം വൈദ്യുത ബോർഡിൽ നിയമിച്ചു; ഇതിൽ നിയമാനുസൃതമായ അനുപാതം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) 29-2-1996 വരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തസ്തികയിൽ അപ്പ്രഗ്ഡേഷൻവഴി എത്രപേരെ നിയമിച്ചു; ഇതിന് പി.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമനം നല്കിയിട്ടില്ല.

(ബി) 20-2-1996 വരെ ആരെയും നിയമിച്ചിട്ടില്ല. 40 പേരെ അഡ്വൈസ് ചെയ്തതിൽ ഇപ്പോഴുള്ള 17 ഒഴിവുകളിൽ ഒരാഴ്ചക്കുള്ളിൽ നിയമനം നടത്തുന്നതാണ്. ബാക്കി 23 പേർക്ക് വേക്കൻസി ഉണ്ടാകുന്ന മുറക്ക് നിയമനം നൽകുന്നതാണ്.

(സി) ഡിപ്പാർട്ടുമെന്റൽ നിയമനം, പ്രമോഷൻ എന്നീ രീതികളിൽ 1: 3: 2 എന്ന അനുപാതത്തിൽ 29 പേരെ നിയമിച്ചിട്ടുണ്ട്. ഇതിൽ 4 പേർ ഡിപ്പാർട്ടുമെന്റൽ നിയമനം വഴിയും 25 പേർ പ്രമോഷൻ വഴിയും (ഡിപ്ലോമക്കാർ 15-ഃ, സർട്ടിഫിക്കറുകാർ 10-ം) നിയമിക്കപ്പെട്ടവരാണ്. അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേക്ക് നിയമാനുസൃത മായ അനുപാതം പാലിച്ചുകൊണ്ടാണ് നിയമനം നൽകിവരുന്നത്.

(ഡി) 5 ഒഴിവുകൾ.

(ഇ) അപ്ഗ്രഡേഷൻവഴി ആരെയും നിയമിച്ചിട്ടില്ല. അപ് ഗ്രഡേഷൻവഴി നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യുടെ അനുമതിയും തേടി വരുന്നു.

വൈദ്യുതി ബോർഡിൽ സ്റ്റെനോഗ്രാഫർമാരുടെ ഒഴിവുകളിലേക്ക് നിയമനം

55 [2010] ശ്രീ എ കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സ്റ്റെനോഗ്രാഫറുടെ ഒഴിവുകൾ പി എസ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 51 ഒഴിവുകൾ.

(ബി) ഇല്ല.

(സി) 51 ഒഴിവുകൾ.

(ഡി) പി. എസ്. സി. അഡ്വൈസ് കിട്ടിയാലുടൻ നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly